(സി) നിലവിലുള്ള നിയമപ്രകാരം ലോട്ടറി തട്ടിപ്പിനെതിരെ സ്വന്തം നിലയിൽ നടപടി സ്വീകരിക്കുന്നതിന് ഭാഗ്യക്കുറി വകുപ്പിന് അധികാരമില്ലാത്തതിനാൽ അന്യ സംസ്ഥാന ലോട്ടറി തട്ടിപ്പിനെ സംബന്ധിച്ച് പരാതികളോ പത്രവാർത്തയോ ലഭിച്ചാൽ ഉടൻ തന്നെ ആയത് പോലീസ് അന്വേഷണത്തിനായി സംസ്ഥാനതല മോണിറ്ററിംഗ് സെൽ മേധാവിക്ക് കൈമാറി തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

**പി.എസ്.സി.യിൽ ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ**

19 (*19) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പി.എസ്.സി. നിയമനത്തിന് റിക്കാർഡ് നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം പരിഷ്കാരങ്ങളാണ് ഇതിനായി പരീക്ഷാ സമ്പ്രദായത്തിലും നടത്തിപ്പിലും വരുത്തിയിട്ടുള്ളത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആധുനിക സാങ്കേതികവിദ്യ ഉപയുക്തമാക്കി തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളുടെ വേഗതയും കൃത്യതയും വർദ്ധിപ്പിച്ചു മുന്നോട്ടുപോകുകയാണ്. ഇതിന്റെ ഫലമായി വിജ്ഞാപനം മുതൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണം വരെയുള്ള നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഏറ്റവും കൂടുതൽ ഉദ്യോഗാർത്ഥികൾ പരീക്ഷ എഴുതി നിയമനം ലഭിക്കുന്ന തസ്തികകളായ എൽ.ജി.എസ്., എൽ.ഡി.സി., അസിസ്റ്റന്റ്/ഓഡിറ്റർ തസ്തികകളുടെ നിയമനത്തിൽ ഒരു റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് തന്നെ പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ സാധിച്ചിട്ടുണ്ട്. യൂണിഫോംഡ് സർവ്വീസ് തസ്തികകളുടെ നിയമനം വർഷാവർഷം

LIBRARY ARCHIVES Kerala Legislative Assembly

നടത്തിവരുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചരിത്ര നേട്ടം എന്ന് വിശേഷിപ്പിക്കാവുന്ന വിധത്തിൽ അസിസ്റ്റന്റ്/ഓഡിറ്റർ തസ്തികയുടെ നിയമനത്തിനായി അപേക്ഷ സമർപ്പിച്ച 5,17,364 പേർക്ക് 16-5-2015 ന് OMR പരീക്ഷ നടത്തി. 4-7-2015 ന് 5,30,157 അപേക്ഷകർ ഉണ്ടായിരുന്ന Secretary-Block/Panchayat തസ്തിക, 489941 (4,89,610 + 316+15) അപേക്ഷകർ ഉണ്ടായിരുന്ന Municipal Secretary Grade III തസ്തിക എന്നിവയ്ക്കായി common OMR പരീക്ഷ നടത്തുകയുണ്ടായി. 27 വർഷത്തോളം പഴക്കമുണ്ടായിരുന്ന 3000 ലേറെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. NCA ഒഴിവുകൾ പൂർണ്ണമായും നികത്തുന്നതിനുള്ള നടപടികൾ കമ്മീഷൻ സ്വീകരിച്ചുവരുന്നു. 18-5-2006 മുതൽ 31-12-2015 വരെയുള്ള പി.എസ്.സി.യുടെ പ്രവർത്തന അവലോകന പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) ഓൺലൈൻ പരീക്ഷാ സമ്പ്രദായം കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ആവിഷ്കരിച്ചിട്ടുണ്ട്. ഓൺലൈൻ പരീക്ഷയിലൂടെ തെരഞ്ഞെടുപ്പിന്റെ വേഗതയും കൃത്യതയും കൂടുതൽ ഉറപ്പുവരുത്തുവാൻ സാധിക്കുന്നു. വനിതാ ഉദ്യോഗാർത്ഥികൾക്ക് അവരവർ ആവശ്യപ്പെടുന്ന താലൂക്കിൽത്തന്നെ പരീക്ഷയെഴുതുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ട്. വിജ്ഞാപനങ്ങളിൽ തന്നെ പരീക്ഷാ തീയതി പ്രസിദ്ധീകരിക്കുന്ന സംവിധാനം നിലവിൽവന്നു.

(സി) സാങ്കേതിക വിദ്യയുടെ ഉപയോഗം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് മുതൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമന ശിപാർശ നൽകുന്നതുവരെയുള്ള മേഖലയിൽ വ്യാപിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളുമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുന്നോട്ട് പോകുന്നു. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നിവിടങ്ങളിൽ പി.എസ്.സി. സ്വന്തമായി ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ ഓൺലൈൻ പരീക്ഷാ കേന്ദ്ര നിർമ്മാണം പുരോഗമിക്കുന്നു. സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് വികേന്ദ്രീകൃതമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് (ആസ്ഥാന ആഫീസിൽ എത്തണമെന്ന ആവശ്യം വേണ്ടിവരുന്നില്ല) One Time Registration, One Time Verification എന്നീ സംവിധാനങ്ങൾ പി.എസ്.സി. ആവിഷ്കരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly